(ബി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 7-11-2015-ന് 4111/ബി1/2015 നമ്പർ കത്തുപ്രകാരം പി.ഡബ്ല്യു.ഡി. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) പ്രസ്തുത ആവശ്യം പ്രകാരം ഡി.സി.ആർ.ബി. അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) 7-11-2015-ലെ സർക്കാർ കത്ത് നമ്പർ 4111/ബി1/2015/പൊ.മ.വ പ്രകാരമാണ് പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡി.സി.ആർ.ബി. അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

എം. സി. റോഡ് വികസനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം

290 (1375) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി.യുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ലൈബ്രറി കെട്ടിടത്തിന് പുനസ്ഥാപനവില നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരതുക നൽകുന്നതിന് വസ്തു നടപടി സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ലൈബ്രറി കമ്മിറ്റി പരാതി നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഫയൽ വിലയിരുത്തിയോ; എങ്കിൽ ഫയൽ നമ്പർ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) എം.സി. റോഡ് വികസനത്തിനായി ഏറ്റെടുക്കേണ്ടിവന്ന കാണക്കാരി വില്ലേജിലെ തഴക്കര ലൈബ്രറിക്ക് കെ.എസ്.ടി.പി.-യുടെ പുനരധിവാസ പദ്ധതിയിൽപ്പെടുത്തി സ്ഥലവിലയും കെട്ടിട വിലയും രണ്ടു ഗഡുക്കളായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ടി.പി.-യുടെ പുനരധിവാസ പദ്ധതി രൂപ രേഖയിൽ നിർണ്ണയിച്ചിട്ടുള്ളതിനും കൂടിയ ഇക ലൈബ്രറി കമ്മിറ്റി ആവശ്യപ്പെട്ട് സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയാണ് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചത്. മേൽ നടപടികളുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 16678/ബി2/14/ ആർ.ഡി. റവന്യൂ വകുപ്പിൽ നിലവിലുണ്ട്.

കെ.എസ്.ടി.പി. രണ്ടാംഘട്ടം

291 (1376) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.റ്റി.പി. രണ്ടാംഘട്ടം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികളാണ് പുരോഗമിക്കുന്നത്.

പാക്കേജ് I : കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (കി.മീ.0/000 മുതൽ 27/780 വരെ)

പാക്കേജ് II : പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (കി.മീ.0/000 മുതൽ 20/900 വരെ)

പാക്കേജ് III A&B: തലശ്ശേരി-വളവുപാറ റോഡ് (കി.മീ.1/200 മുതൽ 55/200 വരെ)

പാക്കേജ് IV A: ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (കി.മീ.0/000 മുതൽ 47/700 വരെ)

പാക്കേജ് IV B : തിരുവല്ല ബൈപ്പാസ് റോഡ് (കി.മീ. 7/390 മുതൽ 9/400 വരെ)

LIBRARY ARCHIVES Kerala Legislative Assembly